DESPATCHED
On..30/8/22.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 345(3)/2020** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.4816/*എസ്.ഐ.സി-ജി 1/2020*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 29.08.2022

ഡോ. ഗോപി പുതുക്കോട്,
ഗുരുസാഗരം,
രാമനാട്ടുകര പി.ഒ,
കോഴിക്കോട് – 673 633. } പരാതി ഹർജിക്കാരൻ

Vs.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
കോഴിക്കോട്. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 29/01/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/02/2020 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 21/03/2020 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 06/05/2020 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര, ഗുരുസാഗരത്തിൽ താമസിക്കും ഡോ. ഗോപി പുതുക്കോട് എന്നയാൾ കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് 5 ചോദ്യങ്ങൾ അടങ്ങിയ അപേക്ഷ സമർപ്പിച്ചിരുന്നു. അവ ടി കാര്യാലയത്തിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിരിക്കുന്ന ഫയൽ അല്ലാത്തതിനാൽ അത് ലഭ്യമാക്കുവാൻ ജില്ലയിലെ

17 എ.ഇ.ഒ മാർക്ക് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം അയച്ച് കൊടുത്തിരുന്നതായി എസ്.പി.ഐ.ഒ 20.08.2022 ൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ കമ്മീഷനെ ബോധ്യപ്പെടുത്തി. എന്നാൽ അവരിൽ 9 എ.ഇ.ഒ മാർ ഇപ്പോഴും വിവരങ്ങൾ നൽകിയിട്ടില്ല എന്ന് അപേക്ഷകൻ ബോധിപ്പിച്ചു. അപേക്ഷകന് വിവരം നൽകാൻ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയ അപ്പീൽ അധികാരി നിർദ്ദേശിച്ചിട്ടും വിവരം നൽകാത്ത പേരാമ്പ്ര, ബാലുശ്ശേരി, കൊടുവള്ളി, കോഴിക്കോട് സിറ്റി, ചേവായൂർ, മേലടി, ചോമ്പാല, നാദാപുരം, തോടന്നൂർ എന്നീ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രസ്തുത വിവരങ്ങൾ 2022 സെപ്റ്റംബർ 20–ാം തീയതിക്കകം അപേക്ഷകന് ലഭ്യമാക്കുകയും വിവരം ഈ കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുകയും വേണമെന്ന് നിർദ്ദേശിച്ച് ഉത്തരവാകുന്നു. നിശ്ചിത തീയതിക്കകം വിവരം ലഭ്യമാക്കി കൈപ്പറ്റ് രസീത് വാങ്ങാത്ത എ.ഇ.ഒ മാർ 2022 സെപ്റ്റംബർ 24–ാം തീയതി പൂർവ്വാഹ്നത്തിൽ കമ്മീഷൻ ഓഫീസിൽ ബന്ധപ്പെട്ട ഫയലുമായി നേരിട്ട് ഹാജരാകണമെന്ന് നിർദ്ദേശിച്ച്, ഈ പരാതി ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 29–ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

*vkm*

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION